സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്, തിരുവനന്തപുരം
dtekerala@gmail.com
04712561307

**നടപടിക്രമം**

സാങ്കേതികം - വിദ്യാഭ്യാസം- കോട്ടയ്ക്കൽ,സർക്കാർ വനിതാ പോളിടെക്നിക് കോളേജിലെ ട്രേഡ്സ്മാൻ (മെഷീനിസ്റ്റ് ) തസ്തികയിലെ ശ്രീ. മുഹമ്മദ് ഷാഫി എം നെ സർവീസിൽ നിന്നും നീക്കം ചെയ്ത് അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

ജീവനക്കാര്യം (ബി). - വിഭാഗം

നം: EB5/25087/16/ഡി.ടി.ഇ തിരുവനന്തപുരം , തീയതി: 13.08.2023

---

വായന:- 1. സ.ഉ (സാധാ) നം. 13/2007/ഉ.വി.വ തീയതി 04.01.2007
2.സ.ഉ (സാധാ) നം. 1445/2012/ഉ.വി.വ തീയതി 11.07.2012
3. ഈ കാര്യാലയത്തിലെ ഇതേ നമ്പർ നടപടിക്രമം തീയതി:19.01.2017
4.സർക്കുലർ നം.152/2020/ധന തീയതി:05/11/2020
5.സർക്കാർ കത്ത് നമ്പർ L1/36/2022/ഉ.വി.വ തീയതി:26.4.2022
6. ഈ കാര്യാലയത്തിലെ 17.05.2022 ലെ ഇതേ നമ്പർ നടപടി ക്രമം
7. ഈ കാര്യാലയത്തിലെ 12.08.2022 ഇതേ നമ്പർ കുറ്റ പത്രവും കുറ്റാരോപണ പത്രികയും
8. ഈ കാര്യാലയത്തിലെ 19.02.2023 തീയതിയിലെ ഇതേ നമ്പർ കാരണം കാണിക്കൽ നോട്ടീസ്
9.കോട്ടയ്ക്കൽ,സർക്കാർ വനിതാ പോളിടെക്നിക് കോളേജ് പ്രിൻസിപ്പാളിൻറെ 27/04/2023 ലെ EB1/1309/21/WPC-KT നമ്പർ കത്ത്.

**ഉത്തരവ്**

**1)** കോട്ടയ്ക്കൽ,സർക്കാർ വനിതാ പോളിടെക്നിക് കോളേജിൽ ട്രേഡ്സ്മാൻ (മെഷീനിസ്റ്റ്) തസ്തികയിൽ 11.12.2006 തീയതിയിൽ ജോലിയിൽ പ്രവേശിച്ച ശ്രീ. മുഹമ്മദ് ഷാഫി എം ന പരാമർശം (1) പ്രകാരം 04.01.2007 മുതൽ 03.01.2012 വരെയും,പരാമർശം (2) പ്രകാരം 04.01.2012 മുതൽ 03.01.2017 വരെയും, പരാമർശം (3) പ്രകാരം 04.01.2017 മുതൽ 03.01.2022 വരെയും KSR Part I Appendix XII A പ്രകാരം ശൂന്യ വേതനാവധി അനുവദിച്ച ഉത്തരവായിരുന്നു .

2.) 05/01/2022 മുതൽ 5 വർഷത്തേക്ക് കൂടി അവധി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ കോട്ടക്കൽ, ഗവ. വനിതാ പോളിടെക്നിക് കോളേജ് പ്രിൻസിപ്പാൾ മുഖേന അയക്കുകയും പരാമർശം(4) ൽ Appendix XII(A) പ്രകാരം എടുക്കാവുന്ന ശൂന്യ വേതന അവധി 5 വർഷമായി പരിമിതപ്പെടുത്തിയിരിക്കുന്ന സാഹചര്യത്തിൽ ടിയാൻറെ അവധി അപേക്ഷ സർക്കാർ പരിഗണയ്ക്കായി അയക്കുകയും ചെയ്തു.. 05/11/2020 തീയതിയിലെ സ.ഉ(അച്ചടി) 152/2020/ധന ഉത്തരവിന് അനുബന്ധമായി പുറപ്പെടുവിച്ചിട്ടുള്ള 30/12/2020 ലെ സർക്കുലർ നം. 83/2020/ധന ലെ ഖണ്ഡിക 3 പ്രകാരം 5 വർഷത്തിലധികം കാലയളവിലേക്ക് അവധി ദീർഘിപ്പിക്കുന്നതിനായി 05/11/2020 തീയതിയ്ക്ക് ശേഷം സമർപ്പിക്കപ്പെടുന്ന അപേക്ഷകൾ നിരസിക്കേണ്ടതും ഇതിനകം അനുവദിച്ച അവധി കാലയളവ് അവസാനിക്കുന്ന മുറയ്ക്ക് തിരികെ സർവ്വീസിൽ പ്രവേശിക്കേണ്ടതാണെന്ന് അപേക്ഷകനെ അറിയിക്കേണ്ടതും, സർവ്വീസിൽ പ്രവേശിക്കാതെ അനധികൃതമായി അവധിയിൽ തുടരുന്നവർക്കെതിരെ KSR ഭാഗം ഒന്ന് അനുബന്ധം XII-A ചട്ടം 9 പ്രകാരം അച്ചടക്ക നടപടികൾ സ്വീകരിക്കേണ്ടതാണെന്നും കാണിച്ച് പരാമർശം (5) സർക്കാർ നിർദ്ദേശം ലഭിച്ചു.

3.) ആയതിന്റെ അടിസ്ഥാനത്തിൽ പരാമർശം (6) പ്രകാരം കണ്ണൂർ, സർക്കാർ എഞ്ചിനീയറിംഗ് കോളേജിൽ ഒഴിവുള്ള ട്രേഡ്സ്മാൻ (മെഷീനിസ്റ്റ്) തസ്തികയിൽ 01/06/2022 മുതൽ 10/06/2022 വരെയുള്ള പ്രവൃത്തി ദിവസങ്ങളിൽ തിരികെ ജോലിയിൽ പ്രവേശിക്കുന്നതിന് ശ്രീ. മുഹമ്മദ് ഷാഫി എം -ന് നിർദ്ദേശം നൽകിയിട്ടുള്ളതും എന്നാൽ പ്രസ്തുത നിയമന ഉത്തരവ് ടിയാൻ കൈപ്പറ്റാതെ മടക്കി അയച്ചിട്ടുള്ളതായി സ്ഥാപന മേധാവി റിപ്പോർട്ട് ചെയ്തിട്ടുള്ളതുമാണ്.

4.) ശൂന്യ വേതന അവധി അനുവദിച്ച കലയാളവിന് ശേഷവും തിരികെ സേവനത്തിൽ പ്രവേശിക്കാത്തത് ഗുരുതരമായ വീഴ്ച്ച ആയിട്ടുള്ളതിനാൽ അച്ചടക്ക നടപടിയുടെ ഭാഗമായി ടിയാനെതിരെ പരാമർശം (7) പ്രകാരം കുറ്റപത്രവും, കുറ്റാരോപണ പത്രികയും നൽകിയിരുന്നു. ആയതിന് ടിയാൻ നൽകിയ മറുപടിയിൽ തിരികെ ജോലിയിൽ പ്രവേശിക്കുന്നതിന് അവധി ദീർഘിപ്പിച്ച നൽകണമെന്ന അപേക്ഷിക്കുകയും, അവധി എടുക്കുന്ന സമയത്ത് സർക്കാർ നിബന്ധന ഉണ്ടായിരുന്നില്ല എന്ന് ചൂണ്ടി കാണിക്കുകയും ചെയ്തു. , അവധി ദീർഘിപ്പിച്ച നൽകാൻ സാധ്യമല്ല എന്ന 26/4/2022 ലെ L1/36/2022/HEDN നമ്പർ സർക്കാർ കത്തിൽ വ്യക്തമാക്കിയിട്ടുണ്ട് എന്നതിനാലും ഇങ്ങനെ അവധി എടുത്തവർക്ക് ആയത് ദീർഘിപ്പിക്കുന്നതിന് 05/11/2020 വരെ അപേക്ഷ നൽകുവാൻ സർക്കാർ അവസരം കൊടുത്തിരുന്നു എങ്കിലും അവധി ദീർഘിപ്പിക്കുന്നതിന് ടിയാൻ അപേക്ഷിച്ചത് 8/9/2021 ന ആണ് എന്നതിനാലും ശ്രീ. മുഹമ്മദ് ഷാഫി എം

Draft #17 of File EB5/25087/16/DTE Approved by Director (in-charge) on 13-Aug-2023 06:45 PM - Page 1

സമർപ്പിച്ച അപേക്ഷ സ്വീകാര്യമല്ല.

5) ശ്രീ. മുഹമ്മദ് ഷാഫി എം -ന് എതിരെ ഗുരുതര ശിക്ഷയായ സർവീസിൽ നിന്നും നീക്കം ചെയ്യൽ നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി കേരള സിവിൽ സർവ്വീസസ് (ക്ലാസ്സിഫിക്കേഷൻ, കൺട്രോൾ & അപ്പീൽ) ചട്ടങ്ങൾ 1960 പാര 15(2)(a) പ്രകാരം, കോട്ടക്കൽ സർക്കാർ വനിതാ പോളിടെക്നിക്ക് കോളേജ് പ്രിൻസിപ്പാൾ മുഖേന, ശ്രീ മുഹമ്മദ് ഷാഫി എം ൻറെ മേൽവിലാസത്തിൽ (Regd with A/D) , 15 ദിവസത്തിനകം മറുപടി നൽകണമെന്ന നിർദ്ദേശത്തോട് കൂടി ടിയാനെ സർവീസിൽ നിന്നും നീക്കം ചെയ്യാതിരിക്കാൻ കാരണം ബോധിപ്പിക്കാനുണ്ടെങ്കിൽ ആയത് ബോധിപ്പിക്കുന്നതിനായി പരാമർശം (8) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് അയച്ചിരുന്നു. ആയതിന് സ്ഥാപന മേധാവി മുഖാന്തിരം പരാമർശം (9) പ്രകാരം മറുപടി ലഭ്യമാക്കിയിരുന്നു എങ്കിലും തിരികെ ജോലിയിൽ പ്രവേശിക്കാൻ കൂടുതൽ സമയം ആവശ്യപ്പെടുകയാണ് ഉണ്ടായിട്ടുള്ളത്. സർക്കാർ ടി വിഷയത്തിൽ മുൻപേ തന്നെ നിർദ്ദേശം നൽകിയിട്ടുള്ളതിനാൽ ടിയാൻറെ ആവശ്യം പരിഗണിക്കാൻ സാധ്യമല്ല.

**6)**ടിയാൻ സർവീസിൽ നിരീക്ഷണ കാലം പൂർത്തിയാക്കിയിട്ടില്ല .ആയതിനാൽ വിദേശത്തു ജോലി ചെയ്യാൻ അനധികൃതമായി സർവീസിൽ നിന്നും വിട്ടു നിന്ന കോട്ടക്കൽ, സർക്കാർ വനിതാ പോളിടെക്നിക് കോളേജിലെ മെഷീനിസ്റ്റ് വിഭാഗം ട്രേഡ്സ്മാനായ ശ്രീ മുഹമ്മദ് ഷാഫി എം- നെ കേരള സ്റ്റേറ്റ് & സബ് ഓർഡിനേറ്റ് സർവീസ് റൂൾ 19 (KS&SSR Rule19) ലെ നിർദ്ദേശ പ്രകാരവും KCS(CC&A) ചട്ടങ്ങൾ പ്രകാരവും നിരീക്ഷണ കാലം പൂർത്തിയാക്കാത്തതിനാൽ ട്രേഡ്സ്മാൻ(മെഷീനിസ്റ്റ്) തസ്തികയിൽ സേവനം അനുഷ്ഠിച്ച ടിയാളുടെ നിരീക്ഷണകാലം റദ്ദ് ചെയ്തുകൊണ്ട് ടിയാളെ സർവീസിൽ നിന്നും നീക്കം ചെയ്തു ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ് /-

ഡോ. രാജശ്രീ എം.എസ്
ഡയറക്ടർ (ഇൻ ചാർജ്)

പകർപ്പ്

1.ശ്രീ മുഹമ്മദ് ഷാഫി എം , പുത്തൻ കലം ഹൌസ്,ചെങ്ങോട്,പാലക്കാട് (റെജി പോസ്റ്റ് എ ഡി സഹിതം )
2.പ്രിൻസിപ്പൽ സെക്രട്ടറി , ഉന്നത വിദ്യാഭ്യാസ (എൽ വകുപ്പ് , കേരള സർക്കാർ,തിരുവനന്തപുരം (ആമുഖ കത്ത് സഹിതം )
3. പ്രിൻസിപ്പാൾ, സർക്കാർ വനിതാ പോളിടെക്നിക് കോളേജ്,കോട്ടക്കൽ
4.കരുതൽ ഫയൽ / ഓഫീസ് കോപ്പി

**Approval Valid**

Digitally Approved By
ഡോ. രാജശ്രീ എം.എസ്
Date: 13.08.2023
Reason: Approved

The document is digitally approved. Hence signature is not needed.

Draft #17 of File EB5/25087/16/DTE Approved by Director (in-charge) on 13-Aug-2023 06:45 PM - Page 2